നമ്പർ. DCPKD/2642/2020-CA1 കലക്ടറേറ്റ്, പാലക്കാട്

തിയതി-05/03/2020

<u>സർക്കുലർ</u>

വിഷയം- മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് & റെഗുലേഷൻ) ആക്ട് 1957,

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് 2008, കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് 2001 – മാർഗ്ഗ നിർദ്ദേശങ്ങൾ

പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

ഖനനം നിയന്ത്രിക്കുന്നതിന് മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് & റെഗുലേഷൻ) ആക്ട് 1957 (എം.എം.ഡി.ആർ. ആക്ട് 1957), കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് 2015 (കെ.എം.എം.സി റൂൾസ്, 2015), കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലിഗൽ മൈനിംഗ്, സ്റ്റോറേജ് ആന്റ് ട്രാൻസ്പോർട്ടേഷൻ) റൂൾസ്, 2015 (കെ.എം.(പി.ഐ.എം.എസ്.ടി.) റൂൾസ് 2015), സംസ്ഥാനത്തെ കാർഷിക വളർച്ച പ്രോൽസാഹിപ്പിക്കുകയും പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പാക്കുകയും ചെയ്യുന്നതിന് വേണ്ടിയും നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുകയും അവ പരിവർത്തനപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നത് നിയന്ത്രിക്കുന്നതിനും കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് 2008, നദീതീര സംരക്ഷണത്തിനും നദികളിൽ നിന്നും മണൽ വാരുന്നത് നിയന്ത്രിക്കുന്നതിനും കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് 2001 എന്നീ നിയമങ്ങൾ പ്രാബല്യത്തിൽ ഉണ്ട്. ഖനനം, നെൽവയലിന്റെ പരിവർത്തനം , മണൽവാരൽ, മണ്ണ്/മണൽ തുടങ്ങിയ ഖനിജങ്ങളുടെ കടത്തൽ എന്നിവയുമായി ബന്ധപ്പെട്ട നിയമ വിരുദ്ധ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ ഖനനവും ഖനിജങ്ങളും പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ നിയമങ്ങളിൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി സ്വീകരിക്കേണ്ടതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആശയക്കുഴപ്പം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ പൊതു ജനങ്ങളെ പ്രയാസപ്പെടുത്തിക്കൊണ്ട് നിരവധി കേസുകളിൽ നിയമ വിരുദ്ധമല്ലാത്ത പ്രവൃത്തികൾക്കെതിരെയും വാഹനം, മണ്ണ്, മണൽ എന്നിവ പിടിച്ചെടുക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുള്ളതായും കാണുന്നു. ഈ അവസരത്തിൽ പൊതുജന താൽപ്പര്യാർത്ഥം ഉദ്യോഗസ്ഥർക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടത് അത്യാവശ്യമാണെന്ന് കാണുന്നതിനാൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. **<u>നിലവിലുള്ള കുളം ആഴം കൂട്ടി ജല സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിന് മുൻകൂർ അനുമതി ആവശ്യമാണോ എന്നത് സംബന്ധിച്ച്.</u>**

കാർഷിക വളർച്ച പ്രോൽസാഹിപ്പിക്കുകയും പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പാക്കുകയും ചെയ്യുന്നതിനും നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് 2008 ൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഖനനം നിയന്ത്രിക്കുന്നതിനും സർക്കാരിന് റവന്യൂ വരുമാനം

നേടുന്നതിനുമുള്ള വ്യവസ്ഥകൾ കെ.എം.എം.സി റൂൾസ്, 2015, കെ.എം.(പി.ഐ.എം.എസ്.ടി.) റൂൾസ് 2015 എന്നിവയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. തണ്ണീർതടമായി (wet land) ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള ഒരു കുളം ആഴം കൂട്ടി ജല സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനായി കുളത്തിൽ നിന്നും എക്കൽ/ചെളി/മണ്ണ് നീക്കം ചെയ്ത് കുളത്തിന് ചുറ്റും ബണ്ട് നിർമിക്കുന്നത് കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് 2008 ലെ വകുപ്പ് 11, 27 എ(5), കെ.എം.എം.സി റൂൾസ്, 2015 ലെ വകുപ്പ് 14 എന്നിവ പ്രകാരം നിയമ വിരുദ്ധമല്ല. ആയതിനാൽ മുൻകൂർ അനുമതി ആവശ്യമില്ല. എന്നാൽ കുളത്തിൽ നിന്നുള്ള മണ്ണ് <u>പുറത്തേക്ക് കടത്തിക്കൊണ്ട് പോകുന്നപക്ഷം</u> സ്ഥല ഉടമ കെ.എം.എം.സി റൂൾസ്, 2015 ലെ ചട്ടം 3, 14 എന്നിവ പ്രകാരം ജില്ലാ ജിയോളജിസ്റ്റിൽ നിന്നുള്ള മുൻകൂർ അനുമതിയും കെ.എം.(പി.ഐ.എം.എസ്.ടി.) റൂൾസ് 2015 ലെ ചട്ടം 25, 26 പ്രകാരം മിനറൽ ട്രാൻസിറ്റ് പാസ്സും നേടിയിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത ഖനനവും ട്രാൻസ്പോർട്ടേഷനും നിയമ വിരുദ്ധവും ആ പ്രവൃത്തിയിൽ ഏർപ്പെടുന്ന വാഹനം/ഉപകരണം പിടിച്ചെടുക്കേണ്ടതുമാണ്.

2. **<u>പുതിയ കുളം നിർമ്മിക്കുന്നതിന് മുൻകൂർ അനുമതി ആവശ്യമാണോ എന്നത് സംബന്ധിച്ച്.</u>**

കാർഷിക വളർച്ച പ്രോൽസാഹിപ്പിക്കുന്നതിനും നെൽകൃഷിക്ക് പ്രോൽസാഹനം നൽകുന്നതിനുമുള്ള നിർദ്ദേശങ്ങൾ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് 2008 ൽ വകുപ്പ് 4, 15, 16 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാർഷിക വളർച്ച കൈവരിക്കുന്നതിന് നിലവിലുള്ള തണ്ണീർത്തടങ്ങളും നെൽവയലുകളും നെൽവയലിന്റെ നിർവചനത്തിൽ ഉൾപ്പെടുന്ന ചിറകളും ജല നിർഗ്ഗമന ചാലുകളും കുളങ്ങളും അതേപോലെ കാത്ത് സൂക്ഷിക്കേണ്ടതും പുതിയ കുളങ്ങളും ചിറകളും തണ്ണീർത്തടങ്ങളും നിർമ്മിക്കേണ്ടതും അത്യാവശ്യമാണ്.

**എ) ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമി :-** കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് 2008 പ്രകാരം കുളം, നെൽവയലിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നതിനാൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ കുളം കുഴിക്കുമ്പോൾ ഭൂമിയുടെ പരിവർത്തനം സംഭവിക്കാത്തതുകൊണ്ട് ആക്ട് 2008 ന് വിരുദ്ധമല്ല. കുളം നിർമ്മിക്കുമ്പോൾ കുഴിച്ചെടുക്കുന്ന മണ്ണ് കുളത്തിന് ചുറ്റും നിക്ഷേപിച്ച് ബണ്ട് നിർമിക്കുന്നതിന് കെ.എം.എം.സി റൂൾസ്, 2015 പ്രകാരം ക്വാറിയിംഗ് പെർമിറ്റ് ആവശ്യമില്ല. എന്നാൽ മണ്ണ് പുറത്തേക്ക് കടത്തിക്കൊണ്ട് പോകുന്നുവെങ്കിൽ കെ.എം.എം.സി റൂൾസ്, 2015 ലെ ചട്ടം 3, 14 പ്രകാരം ജിയോളജിസ്റ്റിൽ നിന്നുള്ള ക്വാറിയിംഗ് പെർമിറ്റും കെ.എം.(പി.ഐ.എം.എസ്.ടി.) റൂൾസ് 2015 ലെ ചട്ടം 25, 26 പ്രകാരം മിനറൽ ട്രാൻസിറ്റ് പാസ്സും നേടിയിരിക്കേണ്ടതാണ്. മണ്ണ് പുറത്തേക്ക് കടത്തിക്കൊണ്ട് പോകാത്ത സാഹചര്യത്തിൽ കുളം നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്ന ജെ.സി.ബി, ഹിറ്റാച്ചി പോലുള്ളവ പിടിച്ചെടുക്കാൻ പാടില്ലാത്തതാണ്. എന്നാൽ മണ്ണ് പുറത്തേക്ക് കടത്തിക്കൊണ്ട് പോകുന്ന പക്ഷം ജിയോളജിസ്റ്റിൽ നിന്നുള്ള ക്വാറിയിംഗ് പെർമിറ്റും മിനറൽ ട്രാൻസിറ്റ് പാസ്സും നേടിയിട്ടില്ലായെങ്കിൽ, ക്വാറിയിംഗ് പെർമിറ്റ് ഇല്ല എന്ന കാരണത്താൽ ജെ .സി.ബി, ഹിറ്റാച്ചി തുടങ്ങിയവയും സർക്കാരിലേക്ക് റോയൽറ്റി അടച്ചുകൊണ്ട് മിനറൽ ട്രാൻസിറ്റ് പാസ്സ് നേടിയിട്ടില്ല എന്ന കാരണത്താൽ മണ്ണ് കടത്താനുപയോഗിക്കുന്ന വാഹനവും പിടിച്ചെടുത്ത് എം.എം.ഡി.ആർ. ആക്ട് 1957 വകുപ്പ് 21 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ബി) വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി :-** കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് 2008 ലെ വകുപ്പ് 27 എ(5) പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി പരിവർത്തനപ്പെടുത്തുന്നതോ പരിവർത്തനപ്പെടുത്താൻ ശ്രമിക്കുന്നതോ ഉപയോഗിക്കുന്നതോ ഉപയോഗിക്കാൻ ശ്രമിക്കുന്നതോ നെൽകൃഷിക്ക് വേണ്ടിയാണെങ്കിൽ വകുപ്പ് 27 എ പ്രകാരമുള്ള അനുമതിയുടെ ആവശ്യമില്ല . ആയതിനാൽ കുളം നിർമ്മിക്കുന്നത് നിയമ വിരുദ്ധമല്ല. കുളം നിർമ്മിക്കുമ്പോൾ കുഴിച്ചെടുക്കുന്ന മണ്ണ് കുളത്തിന് ചുറ്റും നിക്ഷേപിച്ച് ബണ്ട് നിർമിക്കുന്നതിന് കെ.എം.എം.സി റൂൾസ്, 2015 ലെ ചട്ടം 14 പ്രകാരം ക്വാറിയിംഗ് പെർമിറ്റ് ആവശ്യമില്ല. എന്നാൽ മണ്ണ് പുറത്തേക്ക് കടത്തിക്കൊണ്ട് പോകുന്നുവെങ്കിൽ കെ.എം.എം.സി റൂൾസ്, 2015 പ്രകാരം ജിയോളജിസ്റ്റിൽ നിന്നുള്ള ക്വാറിയിംഗ് പെർമിറ്റും കെ.എം.(പി.ഐ.എം.എസ്.ടി.) റൂൾസ് 2015 ലെ ചട്ടം 25, 26 പ്രകാരം മിനറൽ ട്രാൻസിറ്റ് പാസ്സും നേടിയിരിക്കേണ്ടതാണ്. മണ്ണ് പുറത്തേക്ക് കടത്തിക്കൊണ്ട് പോകാത്ത സാഹചര്യത്തിൽ കുളം നിർമ്മിക്കുന്നതിന്

ഉപയോഗിക്കുന്ന ജെ.സി.ബി, ഹിറ്റാച്ചി പോലുള്ളവ പിടിച്ചെടുക്കാൻ പാടില്ലാത്തതാണ്. എന്നാൽ മണ്ണ് പുറത്തേക്ക് കടത്തിക്കൊണ്ട് പോകുന്ന പക്ഷം ജിയോളജിസ്റ്റിൽ നിന്നുള്ള ക്വാറിയിംഗ് പെർമിറ്റും മിനറൽ ട്രാൻസിറ്റ് പാസ്സും നേടിയിട്ടില്ലായെങ്കിൽ, ക്വാറിയിംഗ് പെർമിറ്റ് ഇല്ല എന്ന കാരണത്താൽ ജെ .സി.ബി, ഹിറ്റാച്ചി തുടങ്ങിയവയും സർക്കാരിലേക്ക് റോയൽറ്റി അടച്ചുകൊണ്ട് മിനറൽ ട്രാൻസിറ്റ് പാസ്സ് നേടിയിട്ടില്ല എന്ന കാരണത്താൽ മണ്ണ് കടത്താനുപയോഗിക്കുന്ന വാഹനവും പിടിച്ചെടുത്ത് എം.എം.ഡി.ആർ. ആക്ട് 1957 വകുപ്പ് 21 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സി) പുരയിടം തരത്തിൽപ്പെട്ട ഭൂമി :-** പുരയിടം തരത്തിൽപ്പെട്ട ഭൂമിയിൽ കുളം നിർമ്മിക്കുമ്പോൾ കുഴിച്ചെടുക്കുന്ന മണ്ണ് കുളത്തിന് ചുറ്റും നിക്ഷേപിച്ച് ബണ്ട് നിർമിക്കുന്നതിന് കെ.എം.എം.സി റൂൾസ്, 2015 പ്രകാരം ക്വാറിയിംഗ് പെർമിറ്റ് ആവശ്യമില്ല. എന്നാൽ മണ്ണ് പുറത്തേക്ക് കടത്തിക്കൊണ്ട് പോകുന്നുവെങ്കിൽ കെ.എം.എം.സി റൂൾസ്, 2015 ലെ ചട്ടം 14 പ്രകാരം ജിയോളജിസ്റ്റിൽ നിന്നുള്ള ക്വാറിയിംഗ് പെർമിറ്റും കെ.എം.(പി.ഐ.എം.എസ്.ടി.) റൂൾസ് 2015 ലെ ചട്ടം 25, 26 പ്രകാരം മിനറൽ ട്രാൻസിറ്റ് പാസ്സും നേടിയിരിക്കേണ്ടതാണ്. മണ്ണ് പുറത്തേക്ക് കടത്തിക്കൊണ്ട് പോകാത്ത സാഹചര്യത്തിൽ കുളം നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്ന ജെ.സി.ബി, ഹിറ്റാച്ചി പോലുള്ളവ പിടിച്ചെടുക്കാൻ പാടില്ലാത്തതാണ്. എന്നാൽ മണ്ണ് പുറത്തേക്ക് കടത്തിക്കൊണ്ട് പോകുന്ന പക്ഷം ജിയോളജിസ്റ്റിൽ നിന്നുള്ള ക്വാറിയിംഗ് പെർമിറ്റും മിനറൽ ട്രാൻസിറ്റ് പാസ്സും നേടിയിട്ടില്ലായെങ്കിൽ, ക്വാറിയിംഗ് പെർമിറ്റ് ഇല്ല എന്ന കാരണത്താൽ ജെ.സി.ബി, ഹിറ്റാച്ചി തുടങ്ങിയവയും സർക്കാരിലേക്ക് റോയൽറ്റി അടച്ചുകൊണ്ട് മിനറൽ ട്രാൻസിറ്റ് പാസ്സ് നേടിയിട്ടില്ല എന്ന കാരണത്താൽ മണ്ണ് കടത്താനുപയോഗിക്കുന്ന വാഹനവും പിടിച്ചെടുത്ത് എം.എം.ഡി.ആർ. ആക്ട് 1957 വകുപ്പ് 21 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡി)** ഇപ്രകാരം കുളം നിർമ്മിക്കുന്നത് ഏതെങ്കിലും ഒരു വ്യക്തിയുടെ ഈസ്മെന്റ് റൈറ്റിന് (Easement Right)എതിരാകുന്ന പക്ഷം ആ വ്യക്തിക്ക് സങ്കട നിവർത്തിക്കായി ബന്ധപ്പെട്ട സിവിൽ കോടതിയെ സമീപിക്കുന്നതിന് അവകാശമുണ്ട്. കുളം നിർമ്മിക്കുന്നത് പൊതു ജനങ്ങളുടെ അവകാശങ്ങളെ ദോഷകരമായി ബാധിക്കുന്നുവെങ്കിൽ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സെക്ഷൻ 133 Cr.P.C. പ്രകാരം നിയമാനുസൃത നടപടികൾ സ്വീകരിക്കാവുന്നതാണ്.

3. **<u>നെൽവയലിൽ മോട്ടോർ ഷെഡ് നിർമ്മിക്കുന്നതിന് മുൻകൂർ അനുമതി ആവശ്യമാണോ എന്നത് സംബന്ധിച്ച്.</u>**

നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് നെൽവയലിൽ മോട്ടോർ ഷെഡ് നിർമ്മിക്കുമ്പോൾ, മോട്ടോർ ഷെഡ് നിർമ്മിക്കുന്നതിന് ഉപയോഗപ്പെടുത്തുന്ന ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലം നെൽവയലിന്റെ നിർവ്വചനത്തിൽ തന്നെ ഉൾപ്പെടുന്നതിനാലും പ്രസ്തുത ഭൂമി നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് ഉപയോഗപ്പെടുത്തുന്നതിനാലും പ്രസ്തുത പ്രവൃത്തി കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് 2008 ന് വിരുദ്ധമല്ല. ഇപ്രകാരം മോട്ടോർ ഷെഡ് നിർമ്മിക്കുമ്പോൾ ഭൂമിയുടെ പരിവർത്തനമോ രൂപാന്തരപ്പെടുത്തലോ ഉണ്ടാകാത്തതിനാൽ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് 2008 ന്റെ വകുപ്പ് 9(1) പ്രകാരമുള്ള അനുമതിയുടെ ആവശ്യമില്ല . മോട്ടോർ ഷെഡ് നിർമ്മിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ബിൽഡിംഗ് പെർമിറ്റിന്റെയും ആവശ്യമില്ല.

4. **<u>പുരയിടം തരത്തിൽപ്പെട്ട ഭൂമിയിൽ നിന്നും പരിവർത്തനാനുമതി ലഭ്യമായ ഭൂമിയിൽ നിന്നും ഭവനം അല്ലെങ്കിൽ ഫ്ലാറ്റ് അല്ലെങ്കിൽ വാണിജ്യ കെട്ടിടം നിർമ്മാണത്തിനായി മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി ആവശ്യമാണോ എന്നത് സംബന്ധിച്ച്.</u>**

**എ) 300 ച.മീറ്റർ വരെ പ്ലിൻത് ഏരിയ ഉള്ളവ :-** കെ.എം.എം.സി റൂൾസ്, 2015 ലെ ചട്ടം 14(2) പ്രകാരം, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും കെട്ടിട നിർമ്മാണ അനുമതി ലഭിച്ചിട്ടുള്ള സംഗതികളിൽ 300 ച.മീറ്റർ വരെ പ്ലിൻത് ഏരിയയുള്ള ഭവനം

അല്ലെങ്കിൽ ഫ്ലാറ്റ് അല്ലെങ്കിൽ വാണിജ്യ കെട്ടിടം നിർമ്മാണത്തിനായി സാധാരണ മണ്ണ് (ordinary earth) ഖനനം ചെയ്യുന്നതിന് ക്വാറിയിംഗ് പെർമിറ്റ് ആവശ്യമില്ല. ആയതിനാൽ ഈ ആവശ്യത്തിന് ഉപയോഗിക്കുന്ന ജെ.സി.ബി, ഹിറ്റാച്ചി തുടങ്ങിയവ പിടിച്ചെടുക്കാൻ പാടുള്ളതല്ല. എന്നാൽ മണ്ണ് കടത്തികൊണ്ട് പോകുന്നത് ആവശ്യമാകുന്ന പക്ഷം മണ്ണ് കടത്തിക്കൊണ്ട് പോകുന്നതിന് മുമ്പ് (1) തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നുള്ള കെട്ടിട നിർമ്മാണത്തിനുള്ള ബിൽഡിംഗ് പെർമിറ്റ് (2) ഭൂമി നിരപ്പാക്കുന്നത് (levelling), സാധാരണ മണ്ണിന്റെ ഖനനം (extraction of ordinary earth) എന്നിവ ചെയ്യേണ്ടുന്ന പക്ഷം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നുള്ള ലാന്റ് ഡെവലപ്മെന്റ് പെർമിറ്റ് (3) വില്ലേജ് ഓഫീസറിൽ നിന്നുള്ള കൈവശാനുഭവ സർട്ടിഫിക്കറ്റ് (possession and enjoyment certificate) എന്നിവ സഹിതമുള്ള ഒരു അപേക്ഷ ജിയോളജി വകുപ്പിന് സമർപ്പിച്ചുകൊണ്ടും സർക്കാരിലേക്ക് റോയൽറ്റി അടച്ചുകൊണ്ടും കെ.എം.(പി.ഐ.എം.എസ്.ടി.) റൂൾസ് 2015 ലെ ചട്ടം 25, 26 പ്രകാരം ഭൂവുടമ മിനറൽ ട്രാൻസിറ്റ് പാസ്സ് നേടിയിരിക്കേണ്ടതാണ്. പാസ്സ് ഇല്ലാത്തപക്ഷം എം.എം.ഡി.ആർ. ആക്ട് 1957 വകുപ്പ് 21 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ബി) 300 ച.മീറ്ററിൽ കൂടുതൽ പ്ലിൻത് ഏരിയ ഉള്ളവ :-** 300 ച.മീറ്ററിന് മുകളിൽ പ്ലിൻത് ഏരിയയുള്ള ഭവനം അല്ലെങ്കിൽ ഫ്ലാറ്റ് അല്ലെങ്കിൽ വാണിജ്യ കെട്ടിടം നിർമ്മാണത്തിന് കെ.എം.എം.സി റൂൾസ്, 2015 ലെ ചട്ടം 14(1) പ്രകാരം, സാധാരണ മണ്ണ് (ordinary earth) ഖനനം ചെയ്യുന്നതിനുള്ള ക്വാറിയിംഗ് പെർമിറ്റും മണ്ണ് കടത്തികൊണ്ട് പോകുന്നതിന് സർക്കാരിലേക്ക് റോയൽറ്റി അടച്ചുകൊണ്ട് കെ.എം.(പി.ഐ.എം.എസ്.ടി.) റൂൾസ് 2015 ലെ ചട്ടം 25, 26 പ്രകാരം മിനറൽ ട്രാൻസിറ്റ് പാസ്സും ഭൂവുടമ നേടിയിരിക്കേണ്ടതാണ്. ക്വാറിയിംഗ് പെർമിറ്റും പാസ്സും ഇല്ലാത്തപക്ഷം എം.എം.ഡി.ആർ. ആക്ട് 1957 വകുപ്പ് 21 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സി)** എക്സിബിഷൻ, സമ്മേളനം തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നതിന് പുരയിടം തരത്തിൽപ്പെട്ട ഒരു ഭൂമി വൃത്തിയാക്കുന്ന ആവശ്യത്തിലേക്ക് നിരപ്പാക്കുന്നതിന് (levelling) മണ്ണ് കടത്തിക്കൊണ്ട് പോകുന്നില്ലായെങ്കിൽ ജില്ലാ ജിയോളജിസ്റ്റിൽ നിന്നുള്ള മുൻകൂർ അനുമതിയുടെ ആവശ്യമില്ല.

5. **<u>പുരയിടം തരത്തിൽപ്പെട്ട സ്ഥലത്ത് ഇഷ്ടിക നിർമ്മാണത്തിന് ആവശ്യമായ മുൻകൂർ അനുമതികൾ.</u>**

പുരയിടം തരത്തിൽപ്പെട്ട സ്ഥലത്ത് ഇഷ്ടിക നിർമ്മാണം നടത്തുന്നതിന് ജില്ലാ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ജില്ലാ ജിയോളജിസ്റ്റിൽ നിന്നും മുൻകൂർ അനുമതി ആവശ്യമാണ്. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള മുൻകൂർ അനുമതി ഇല്ലാത്ത പക്ഷം സ്റ്റോപ്പ് മെമ്മോ നൽകേണ്ടതും ആ വിവരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെയും ജില്ലാ എൻവിറോൺമെന്റൽ എൻജിനീയറെയും അറിയിക്കേണ്ടതാണ്. ജില്ലാ ജിയോളജിസ്റ്റിൽ നിന്നുള്ള മുൻകൂർ അനുമതി നേടിയിട്ടില്ലാത്തപക്ഷം സ്റ്റോപ്പ് മെമ്മോ നൽകേണ്ടതും എം.എം.ഡി.ആർ. ആക്ട് 1957 വകുപ്പ് 21 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇഷ്ടിക നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്ന മണ്ണ് മറ്റൊരിടത്ത് നിന്നും കൊണ്ടുവന്നതാണെങ്കിൽ ആ മണ്ണ് കൊണ്ടുവന്ന വ്യക്തി, മണ്ണ് കുഴിച്ചെടുത്ത സ്ഥലം എന്നീ വിശദാംശങ്ങൾ പരിശോധകർക്ക് മുന്നിലോ കോമ്പിറ്റന്റ് അതോരിറ്റി ആവശ്യപ്പെടുമ്പോഴോ വ്യക്തമാക്കുന്നതിന് ബന്ധപ്പെട്ട കക്ഷികൾക്ക് ബാദ്ധ്യതയുണ്ട്. അതിൽ പരാജയപ്പെടുന്ന പക്ഷം നിയമ വിരുദ്ധമായി മണ്ണ് ഖനനം ചെയ്തതാണെന്ന അനുമാനത്തിൽ എം.എം.ഡി.ആർ. ആക്ട് 1957 വകുപ്പ് 21 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (സൂചന- WA 2358/2016 ജോബി. പി.ഡി vs. ജില്ലാ കലക്ടർ, പാലക്കാട്.)

6. **<u>നെൽവയൽ തരത്തിൽപ്പെട്ട വസ്തുവഹകളിൽ വർഷം മുഴുവനോ വിളവെടുത്തതിന് ശേഷമുള്ള ഇടവേളകളിലോ ഇഷ്ടിക നിർമ്മാണം നടത്തുന്നത് നിയമ വിരുദ്ധമാണോ എന്നത് സംബന്ധിച്ച്</u>**

നെൽവയൽ തരത്തിൽപ്പെട്ട വസ്തുവഹകളിൽ വർഷം മുഴുവനോ വിളവെടുത്തതിന്

ശേഷമുള്ള ഇടവേളകളിലോ ഇഷ്ടിക നിർമ്മാണം നടത്തുമ്പോൾ ഭൂമിയുടെ പരിവർത്തനമോ രൂപാന്തരപ്പെടുത്തലോ ആണ് സംഭവിക്കുന്നത്. ആയതിനാൽ അത് കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് 2008 ന്റെ വകുപ്പ് 3(1) പ്രകാരം നിയമ വിരുദ്ധമാണ്. ആയതിനാൽ പ്രസ്തുത ആക്ടിലെ വകുപ്പ് 19 പ്രകാരം നിയമ വിരുദ്ധ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ച വാഹനമോ ഉപകരണമോ ഇഷ്ടികയോ ടൈൽസോ ഇവയെല്ലാമോ പിടിച്ചെടുക്കേണ്ടതും പ്രസ്തുത പിടിച്ചെടുക്കലിനെ സംബന്ധിച്ച ഒരു റിപ്പോർട്ട് അധികാരപ്പെടുത്തപ്പെട്ട ഓഫീസർ 48 മണിക്കൂറിനുള്ളിൽ ജില്ലാ കലക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. കൂടാതെ ആക്ട് 2008 ലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് രൂപാന്തരപ്പെടുത്തിയ നെൽവയലോ തണ്ണീർത്തടമോ പൂർവ്വ സ്ഥിതിയിൽ കൊണ്ടുവരുന്നതിന് വകുപ്പ് 13 പ്രകാരമുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

7. **<u>മണ്ണ്, കരിങ്കല്ല് തുടങ്ങിയ മൈനർ മിനറൽസ് ഖനനം ചെയ്യുന്നതിനും കടത്തിക്കൊണ്ട് പോകുന്നതിനുമുള്ള വ്യവസ്ഥകൾ</u>**

മണ്ണ്, കരിങ്കല്ല് തുടങ്ങിയ, എം.എം.ഡി.ആർ. ആക്ട് 1957 ൽ വകുപ്പ് 3(e) പ്രകാരം മൈനർ മിനറലിന്റെ നിർവ്വചനത്തിൽ ഉൾപ്പെട്ടവ ഖനനം ചെയ്യുന്നതിന് ജില്ലാ ജിയോളജിസ്റ്റിൽ നിന്നുള്ള പെർമിറ്റ്/ലീസ്/ലൈസൻസ് ആവശ്യമാണ്. ഇവ കടത്തിക്കൊണ്ട് പോകുന്നതിന് സർക്കാരിലേക്ക് റോയൽറ്റി അടച്ചുകൊണ്ട് കെ.എം.(പി.ഐ.എം.എസ്.ടി.) റൂൾസ് 2015 പ്രകാരം മിനറൽ ട്രാൻസിറ്റ് പാസ്സ് മുൻകൂറായി നേടേണ്ടതാണ്. പാസ്സിൽ തിയ്യതി, സമയം,എവിടെ നിന്ന് ശേഖരിച്ച എങ്ങോട്ട് കൊണ്ടുപോകുന്നു എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. മണ്ണ്, കരിങ്കല്ല് എന്നിവ കടത്തിക്കൊണ്ട് പോകുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ മൈനിംഗ് & ജിയോളജി വകുപ്പിന്റെ KOMPAS എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് പ്രസ്തുത കടത്തലിന് പാസ്സ്/അനുമതി ഉണ്ടോ എന്ന് പരിശോധിച്ച ബോദ്ധ്യപ്പെടാവുന്നതാണ് . പാസ്സ് ഇല്ലാത്ത സാഹചര്യത്തിലും പാസ്സിൽ ക്രമക്കേട് കാണുന്ന സാഹചര്യത്തിലും നിയമ വിരുദ്ധമായി മണ്ണ് ഖനനം ചെയ്തതാണെന്നും അതുവഴി സർക്കാരിലേക്ക് ലഭിക്കേണ്ടിയിരുന്ന റവന്യൂ വരുമാനത്തിൽ നഷ്ടം വരുത്തിയിട്ടുണ്ട് എന്നുമുള്ള കാരണത്താൽ കെ .എം.(പി.ഐ.എം.എസ്.ടി.) റൂൾസ് 2015 ചട്ടം 26(4), എം.എം.ഡി.ആർ. ആക്ട് 1957 വകുപ്പ് 21 എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വാഹനം പിടിച്ചെടുക്കുമ്പോൾ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മഹസർ തയ്യാറാക്കേണ്ടതാണ് . മഹസറിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ അനുബന്ധം I ആയി ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

8. **<u>ബിൽഡിംഗ് വേസ്റ്റ് കടത്തിക്കൊണ്ട്പോകുന്നതിന് മുൻകൂർ അനുമതി ആവശ്യമാണോ എന്നത് സംബന്ധിച്ച്.</u>**

ബിൽഡിംഗ് വേസ്റ്റ് എം.എം.ഡി.ആർ. ആക്ട് 1957 ൽ വകുപ്പ് 3(e) പ്രകാരം മൈനർ മിനറലിന്റെ നിർവ്വചനത്തിൽ ഉൾപ്പെടാത്തതാണ്. ബിൽഡിംഗ് വേസ്റ്റ് ശേഖരിക്കുന്നതിനോ കടത്തിക്കൊണ്ട് പോകുന്നതിനോ സംസ്കരിക്കുന്നതിനോ സർക്കാരിലേക്ക് എതെങ്കിലും വിധത്തിലുള്ള റോയൽറ്റിയോ നികുതിയോ അടയ്ക്കുന്നതിന് നിഷ്കർഷിച്ചിട്ടില്ല. ആയതിനാൽ ബിൽഡിംഗ് വേസ്റ്റ് കടത്തിക്കൊണ്ട് പോകുന്നതിന് സർക്കാരിലേക്ക് റോയൽറ്റി അടച്ചുകൊണ്ട് കെ.എം.(പി.ഐ.എം.എസ്.ടി.) റൂൾസ് 2015 പ്രകാരം മിനറൽ ട്രാൻസിറ്റ് പാസ്സ് മുൻകൂറായി നേടേണ്ടതില്ല. ആയതിനാൽ ബിൽഡിംഗ് വേസ്റ്റ് കടത്തിക്കൊണ്ട് പോകുന്നതിന് ഉപയോഗിക്കുന്ന വാഹനം പിടിച്ചെടുക്കാൻ പാടുള്ളതല്ല.

9. **<u>ലോറികളിൽ മണൽ കടത്തിക്കൊണ്ട്പോകുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങൾ</u>**

ലോറികളിൽ മണൽ കടത്തിക്കൊണ്ട്പോകുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ പ്രസ്തുത മണൽ നദികളിൽ നിന്നും എടുത്തതാണോ നെൽവയൽ, തണ്ണീർത്തടങ്ങൾ, പുരയിടം തരത്തിൽപ്പെട്ട സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഖനനം ചെയ്ത് ഫിൽറ്റർ ചെയ്തെടുത്ത മണലാണോ എന്നതിനെ അടിസ്ഥാനമാക്കിയാണ് നടപടികൾ സ്വീകരിക്കേണ്ടത് . പിടിച്ചെടുത്ത മണൽ ഫിൽറ്റർ ചെയ്ത മണലാണോ പുഴ മണലാണോയെന്ന്

തിരിച്ചറിയുന്നതിന് മണലിന്റെ സാമ്പിൾ, സീനിയർ കെമിസ്റ്റ്, ഡയറക്ടറേറ്റ് ഓഫ് മൈനിംഗ് & ജിയോളജി, കേശവദാസപുരം, പട്ടം പാലസ് പി.ഓ, തിരുവനന്തപുരം- ന് മഹസറിന്റെ പകർപ്പ് സഹിതം പരിശോധനയ്ക്ക് അയയ്ക്കേണ്ടതാണ്.

**എ) നദികളിൽ നിന്നും ശേഖരിച്ച മണൽ :-** നദികളിൽ നിന്നും എടുത്ത മണലാണെങ്കിൽ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് 2001 ലെ വ്യവസ്ഥകൾ പാലിക്കപ്പെടേണ്ടതാണ്. അതുപ്രകാരം മണൽ കടത്തിക്കൊണ്ട് പോകുന്നതിന് സർക്കാരിലേക്ക് റോയൽറ്റി അടച്ചുകൊണ്ട് നേടിയ പാസ്സ് വാഹനമോടിക്കുന്നയാളുടെ കൈവശമുണ്ടായിരിക്കേണ്ടതാണ്.

**ബി) നെൽവയൽ, തണ്ണീർത്തടങ്ങൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ച മണൽ :-** നെൽവയൽ, തണ്ണീർത്തടങ്ങൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ചവയാണെങ്കിൽ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് 2008, കെ.എം.എം.സി റൂൾസ്, 2015, കെ.എം.(പി.ഐ.എം.എസ്.ടി.) റൂൾസ് 2015 എന്നിവയിലെ വ്യവസ്ഥകൾ ബാധകമായിരിക്കും.

**സി) പുരയിടം തരത്തിൽപ്പെട്ട സ്ഥലങ്ങളിൽ നിന്നും ശേഖരിച്ച് ഫിൽറ്റർ ചെയ്ത മണലും എം സാന്റും :-** പുരയിടം തരത്തിൽപ്പെട്ട സ്ഥലങ്ങളിൽ നിന്നും ശേഖരിച്ച് ഫിൽറ്റർ ചെയ്ത മണലിന്റെയും എം സാന്റിന്റെയും കാര്യത്തിൽ കെ.എം.എം.സി റൂൾസ്, 2015 പ്രകാരം ക്വാറയിംഗ് പെർമിറ്റ് കെ.എം.(പി.ഐ.എം.എസ്.ടി.) റൂൾസ് 2015 പ്രകാരം മിനറൽ ട്രാൻസിറ്റ് പാസ്സ് എന്നിവ നേടിയിരിക്കേണ്ടതാണ്.

10. **<u>അന്യ സംസ്ഥാനങ്ങളിൽ നിന്നും മണൽ കൊണ്ടുവരുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ.</u>**

ഒരു വ്യക്തിക്ക് അന്യ സംസ്ഥാനങ്ങളിൽ നിന്നും മണൽ കൊണ്ടുവന്ന് കേരളത്തിൽ വിൽപ്പന നടത്തുന്നതിന് സെയിൽസ് ഡിപ്പോയ്ക്കുള്ള രജിസ്ട്രേഷൻ, ഡീലർ ലൈസൻസ് എന്നിവ നേടിയിരിക്കേണ്ടതാണ്. ഇത്തരത്തിലുള്ള മണൽ കടത്തിക്കൊണ്ട് പോകുന്നതിന് കെ.എം.(പി.ഐ.എം.എസ്.ടി.) റൂൾസ് 2015 പ്രകാരം മിനറൽ ട്രാൻസിറ്റ് പാസ്സ് കൈവശമുണ്ടായിരിക്കണം. പാസ്സ് ഇല്ലാത്തപക്ഷം എം.എം.ഡി.ആർ. ആക്ട് 1957 വകുപ്പ് 21 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് . (സൂചന- സർക്കുലർ നമ്പർ 57/എ 3/2015/ഐ.ഡി തിയതി-20.02.2018)

11. **<u>അടിസ്ഥാന ഭൂ നികുതി രജിസ്റ്ററിൽ നിലമായി ഉൾപ്പെടുത്തിയിട്ടുള്ളതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമിയുടെ (വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി)സ്വഭാവ വ്യതിയാനത്തിന് പാലിക്കേണ്ട നടപടിക്രമങ്ങൾ</u>**

വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി ഏത് ആവശ്യത്തിനും ഉപയോഗിക്കുന്നതിനായി സ്വഭാവ വ്യതിയാനം വരുത്തുന്നതിന് ആക്ട് 2008 അനുമതി നൽകുന്നു. ഇപ്രകാരം സ്വഭാവ വ്യതിയാനം വരുത്തുന്നതിന് മുമ്പ് വകുപ്പ് 27 എ പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസറുടെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. എന്നാൽ പരമാവധി 4.04 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ 120 ച. മീറ്റർ വിസ്തൃതിയിലുള്ള ഒരു വീട് നിർമ്മിക്കുന്നതിനും അല്ലെങ്കിൽ പരമാവധി 2.02 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ 40 ച. മീറ്റർ വിസ്തൃതിയിലുള്ള ഒരു വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനും അനുമതിയുടെ ആവശ്യമില്ല. വകുപ്പ് 27 എ പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസറുടെ മുൻകൂർ അനുമതി വാങ്ങാതെ ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്ന പക്ഷം കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ 2008 ലെ ചട്ടം 12(9) പ്രകാരം സർക്കാരിലേക്ക് ലഭിക്കേണ്ടുന്ന തുക കേരള റവന്യൂ റിക്കവറി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ബന്ധപ്പെട്ട കക്ഷിയിൽ നിന്നും ഈടാക്കേണ്ടതാണ്. വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ ഖനന പ്രവർത്തനങ്ങൾ നടത്തുന്നപക്ഷം കെ.എം.എം.സി റൂൾസ്, 2015 പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത ഭൂമി നെൽവയലാണെങ്കിൽ ആയത് ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തുന്നതിന് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ റവന്യൂ ഡിവിഷണൽ

ഓഫീസർക്ക് റിപ്പോർട്ട് നൽകേണ്ടതാണ്.

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ 2008 ലെ ചട്ടം 4(5) പ്രകാരം നിലവിൽ നെൽവയൽ / തണ്ണീർത്തടമായി നിലനിൽക്കുന്ന സ്ഥലങ്ങൾ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലായെങ്കിൽ ആയതിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പ്രാദേശികതല നിരീക്ഷണ സമിതിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരം ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തുന്ന ഭൂമി രൂപാന്തരപ്പെടുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആക്ട് 2008 ലെ വകുപ്പ് 13 പ്രകാരം പൂർവ്വ അവസ്ഥയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വകുപ്പ് 27 എ ഉൾപ്പെടുത്തിക്കൊണ്ട് 2018 ൽ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് ഭേദഗതി ചെയ്തതിനെ തുടർന്ന് കെ.എൽ.യു.ഓ 1967 ന് പ്രസക്തി ഇല്ലാതായി തീർന്നിട്ടുണ്ട്. അയതിനാൽ ഭൂമിയുടെ പരിവർത്തനം അല്ലെങ്കിൽ സ്വഭാവ വ്യതിയാനത്തിനുള്ള അനുമതി കെ.എൽ.യു.ഓ 1967 ലെ വകുപ്പുകളുടെ അടിസ്ഥാനത്തിൽ നൽകാൻ പാടുള്ളതല്ല.

12. **<u>കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ 1967 പ്രകാരം തരം മാറ്റുന്നതിന് അനുമതി ലഭിച്ച ഭൂമിയ്ക്ക് കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് 2008 നിലവിൽ വന്ന തിയതിയ്ക്ക് ശേഷം ഒരാൾ ഭൂമിയുടെ സ്വഭാവ വ്യതിയാനത്തിന് അപേക്ഷ നൽകുമ്പോൾ.</u>**

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് 2008 നിലവിൽ വരുന്നതിന് മുമ്പ് ഭൂമിയുടെ തരം മാറ്റം അനുവദിക്കുകയും എന്നാൽ പരിവർത്തനാനുമതി ലഭിച്ച സ്ഥലത്ത് പരിവർത്തനം നടത്താതിരിക്കുയും ചെയ്തതിന് ശേഷം ആക്ട് 2008 നിലവിൽ വന്ന തിയതിയ്ക്ക് ശേഷം ഭൂമിയുടെ പരിവർത്തനത്തിന് /സ്വഭാവ വ്യതിയാനത്തിനുള്ള അനുമതിയ്ക്കായി അപേക്ഷ സമർപ്പിക്കുന്ന സംഗതികളിൽ ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പട്ടിട്ടുണ്ടോ ഇല്ലയോ എന്നതിനെ അടിസ്ഥാനമാക്കി നടപടികൾ സ്വീകരിക്കേണ്ടതാണ് . ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതുമൂലം സങ്കടമനുഭവിക്കുന്ന വ്യക്തിക്ക് അത് സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ഫാറം 5 ലുള്ള അപേക്ഷാ ഫോറത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്. വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയാണെങ്കിൽ ആയതിന്റെ സ്വഭാവ വ്യതിയാനത്തിന് ഫോറം 6 / ഫോറം 7 ൽ റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

13. **<u>കാലപ്പഴക്കം ചെന്ന ഒരു വീട് നിൽക്കുന്ന സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടത് തിരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ.</u>**

കാലപ്പഴക്കം ചെന്ന ഒരു വീട് പൊളിച്ചുമാറ്റി പുതിയ വീട് നിർമ്മിക്കുന്നതിന് തയ്യാറെടുക്കുമ്പോൾ പ്രസ്തുത വീട് നിൽക്കുന്ന സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതുമൂലം നിരവധിയാളുകൾ പ്രയാസപ്പെടുന്നതായി ശ്രദ്ധയിപ്പെട്ടിട്ടുണ്ട്. കാലപ്പഴക്കം ചെന്ന ഒരു വീട് ഉള്ള സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടുവരുന്നത് പ്രാദേശികതല നിരീക്ഷണ സമിതിയ്ക്ക് സംഭവിച്ച തെറ്റ് മൂലമാണ്. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതുമൂലം സങ്കടമനുഭവിക്കുന്ന വ്യക്തിക്ക് അത് സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ഫാറം 5 ലുള്ള അപേക്ഷാ ഫോറത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്. ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കപ്പെടുകയും ആയതിന് വേണ്ടുന്ന നടപടിക്രമങ്ങൾക്ക് ശേഷം പിന്നീട് വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനത്തിന് ഫോറം 6 ൽ റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ സമർപ്പിക്കുമ്പോൾ സംഭവിക്കുന്ന കാലതാമസം ഒഴിവാക്കുന്നതിന് പ്രസ്തുത വ്യക്തിക്ക് താൽപ്പര്യമുള്ള പക്ഷം ഫോറം 5 , ഫോറം 6 എന്നിവ ഒരേസമയം സമർപ്പിക്കുന്നതിന് നിർദ്ദേശിക്കാവുന്നതാണ്. ഫോറം 5 പ്രകാരമുള്ള അപേക്ഷയിൽ കൃഷി ഓഫീസർ/വില്ലേജ് ഓഫീസറിൽ നിന്ന് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഫോറം 6 പ്രകാരമുള്ള അപേക്ഷയിൽ നടപടികൾ ആരംഭിക്കാവുന്നതാണ്. ഫോറം 5 പ്രകാരമുള്ള അപേക്ഷ നിരസിക്കുന്നപക്ഷം ഫോറം 6 പ്രകാരമുള്ള അപേക്ഷയും നിരസിക്കപ്പെടേണ്ടതാണ് .

കാലതാമസം ഒഴിവാക്കുന്നതിനായി, നിയമാനുസൃതമായ കെട്ടിട നമ്പർ ഇട്ടിട്ടുള്ള ഭവനം സ്ഥിതിചെയ്യുന്ന ഭൂമിയുമായി ബന്ധപ്പെട്ട ഫോറം 6 പ്രകാരമുള്ള അപേക്ഷയിലുള്ള നടപടി ക്രമങ്ങൾ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റെയും പ്രാദേശികതല നിരീക്ഷണ സമിതിയിൽ നിന്നുള്ള റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലും ചെയ്യാവുന്നതാണ്.

14. **<u>തട്ടുകളായി കിടക്കുന്ന നെൽവയൽ ഒരേ രീതിയിൽ നിരപ്പാക്കുന്നതിന് അനുമതി ആവശ്യമാണോ എന്നത് സംബന്ധിച്ച്.</u>**

നെൽവയലിന്റെ പരിവർത്തനപ്പെടുത്തൽ എന്നാൽ പ്രസ്തുത നെൽവയൽ മറ്റ് ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുന്ന അവസ്ഥ എന്നും രൂപാന്തരപ്പെടുത്തൽ എന്നാൽ സാധാരണ മാർഗങ്ങളിലൂടെ പൂർവ്വ സ്ഥിതിയിൽ ആക്കാൻ സാദ്ധ്യമല്ലാത്ത വിധത്തിൽ രൂപാന്തരപ്പെടുത്തുക എന്നും അർത്ഥമാകുന്നു. ജലസേചന സൌകര്യം വർദ്ധിപ്പിച്ച് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന്, തട്ടുകളായി കിടക്കുന്ന നെൽവയൽ ഒരേ രീതിയിൽ നിരപ്പാക്കുന്നത് നെൽവയലിന്റെ പരിവർത്തനമോ രൂപാന്തരപ്പെടുത്തലോ അല്ല. ആയതിനാൽ നെൽവയൽ പരിവർത്തനപ്പെടുത്തുന്നുവെന്ന് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് പരാതി ലഭിക്കുമ്പോൾ കൃഷി ഓഫീസറുടെ അഭിപ്രായം തേടി കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് ഭൂമി നിരപ്പാക്കേണ്ടത് അത്യാവശ്യമാണെന്ന് കാണുന്ന പക്ഷം പ്രസ്തുത പരാതി നിരസിക്കാവുന്നതും ആവശ്യമല്ലാത്ത പക്ഷം കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ആക്ട് 2008 പ്രകാരം നടപടി സ്വീകരിക്കേണ്ടതുമാണ്. ഇപ്രകാരം ഭൂമി നിരപ്പാക്കുമ്പോൾ മണ്ണ് കടത്തികൊണ്ട് പോകുന്നത് ആവശ്യമാകുന്ന പക്ഷം ആയതിന് സർക്കാരിലേക്ക് റോയൽറ്റി അടച്ചുകൊണ്ട് കെ.എം.(പി.ഐ.എം.എസ്.ടി.) റൂൾസ് 2015 പ്രകാരം ഭൂവുടമ ജില്ലാ ജിയോളജിസ്റ്റിൽ നിന്നും മിനറൽ ട്രാൻസിറ്റ് പാസ്സ് നേടിയിരിക്കേണ്ടതാണ്.

15. **<u>വകുപ്പ് 27(എ) പ്രകാരമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനത്തിന് അനുമതി നൽകുമ്പോൾ ന്യായവില കണക്കാക്കുന്നത് സംബന്ധിച്ച്.</u>**

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 2018 വകുപ്പ് 27(എ) പ്രകാരമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനത്തിനായി കണക്കിലെടുക്കുന്ന ന്യായവില എന്നാൽ അപേക്ഷാ വസ്തുവിന്റെ ഏറ്റവും അടുത്തുള്ള പുരയിടത്തിന്റെ ന്യായവില എന്നതും അല്ലെങ്കിൽ ഭൂമിയുടെ ന്യായവില നിശ്ചയിച്ചിട്ടില്ലാത്തിടത്ത് സമാനമായതും സമാനമായി സ്ഥിതി ചെയ്യുന്നതുമായ ന്യായ വില നിശ്ചയിച്ചിട്ടുള്ള ഏറ്റവും അടുത്ത പുരയിടത്തിന്റെ ന്യായ വില എന്നുമാകുന്നു .( സൂചന- സർക്കുലർ നമ്പർ. റവ-പി1/248/2019-റവ തിയതി- 17.02.2020)

16. **<u>കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 2018 വകുപ്പ് 27 എ(1) ൽ പരാമർശിച്ചിട്ടുള്ള 'മറ്റ് ആവശ്യങ്ങൾ' എന്നാൽ</u>**

2018 ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമങ്ങളിലും ചട്ടങ്ങളിലും പരാമർശിച്ചിട്ടുള്ള 'മറ്റ് ആവശ്യങ്ങൾ' എന്നാൽ ഭവന നിർമ്മാണം/വാണിജ്യാവശ്യം എന്നിവയൊഴികെയുള്ള ഇതു സംബന്ധിച്ച നിയമപരമായ എല്ലാ ആവശ്യങ്ങളും എന്നാകുന്നു.( സൂചന- സർക്കുലർ നമ്പർ. റവ-പി1/248/2019-റവ തിയതി- 17.02.2020).

17. **<u>വീട് വയ്ക്കുന്നതിനുവേണ്ടി നെൽ വയൽ രൂപാന്തരപ്പെടുത്തുന്നതിനുള്ള അപേക്ഷ തീർപ്പാക്കുന്നത് സംബന്ധിച്ച്.</u>**

വീട് വയ്ക്കുന്നതിനുവേണ്ടി നെൽ വയൽ രൂപാന്തരപ്പെടുത്തുന്നതിനുള്ള അപേക്ഷയിൽ ബഹു. കേരള ഹൈക്കോടതിയുടെ WP(C) No. 3466/2017 നമ്പർ കേസിലെ 06.06.2017 തിയതിയിലെ വിധിയ്ക്ക് അനുസൃതമായാണ് നടപടി സ്വീകരിക്കേണ്ടത്. കൃഷിക്കാരന് സ്വന്തം കൃഷിഭൂമിയിൽ തന്നെ താമസിക്കുന്നതിനുള്ള അവസരം നൽകുന്നതിനാണ് കേരള

നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് 2008 ലെ വകുപ്പ് 5(3)(i), 9(i) എന്നിവ പ്രകാരം വീട് വയ്ക്കുന്നതിനുവേണ്ടി നെൽ വയൽ രൂപാന്തരപ്പെടുത്തുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും ആക്ട് 2008 പ്രാബല്യത്തിൽ വന്നതിന് ശേഷം നെൽവയൽ വാങ്ങുന്നവർക്ക് ഇപ്രകാരം അനുമതി നൽകുന്നത് വലിയ തോതിലുള്ള ദുരുപയോഗത്തിന് ഇടയാക്കുമെന്നും ബഹു. കോടതി നിരീക്ഷിച്ചിട്ടുണ്ട്. ആയതിനാൽ 12.08.2008 നുശേഷം നെൽവയൽ വാങ്ങിയവർക്ക് വീട് വയ്ക്കുന്നതിനുവേണ്ടി നെൽ വയൽ രൂപാന്തരപ്പെടുത്തുന്നതിന് അനുമതി നൽകേണ്ടതില്ല.(സൂചന- ആക്ട് 2008 ലെ വകുപ്പ് 2(xii), സർക്കുലർ നമ്പർ. റവ-പി1/248/2019-റവ തിയതി- 17.02.2020).

18. **<u>കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 2018 ലെ വകുപ്പ് 27 എ(2) പ്രകാരമുള്ള ജല സംരക്ഷണ നടപടികൾ സംബന്ധിച്ച്</u>**

കെ.എൽ.യു ഓ. 1967 പ്രാബല്യത്തിൽ വന്ന 04.07.1967 മുമ്പ് പരിവർത്തനം ചെയ്തിട്ടുള്ള 20.23 ആറിൽ കൂടുതൽ വിസ്തീർണ്ണമുള്ള ഭൂമിയ്ക്ക് കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 2018 ലെ വകുപ്പ് 27(എ) പ്രകാരമുള്ള സ്വഭാവ വ്യതിയാനം നടത്തുന്നതിനായുള്ള അപേക്ഷ അനുവദിക്കുന്ന പക്ഷം വകുപ്പ് 27 എ(2) പ്രകാരമുള്ള ജല സംരക്ഷണ നടപടികൾ സ്വീകരിക്കേണ്ടതില്ല. (സൂചന- സർക്കുലർ നമ്പർ. റവ-പി1/248/2019-റവ തിയതി- 17.02.2020).

19. **<u>ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് ഫോറം 5 ൽ ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നത് സംബന്ധിച്ച്</u>**

2018 ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഡാറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾ തിരുത്തുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ നെൽവയലുകളെ സംബന്ധിച്ചുള്ളതാണെങ്കിൽ കൃഷി ഓഫീസറുടേയൊ തണ്ണീർത്തടങ്ങളെ സംബന്ധിച്ചുള്ളതാണെങ്കിൽ വില്ലേജ് ഓഫീസറുടേയോ റിപ്പോർട്ട് വാങ്ങിയ ശേഷം ആവശ്യമെന്ന് കാണുന്ന പക്ഷം നേരിട്ട് പരിശോധന നടത്തിയോ ഉപഗ്രഹ ചിത്രത്തിന്റെ സഹായത്തോടുകൂടിയോ പരിശോധന നടത്തി റവന്യൂ ഡിവിഷണൽ ഓഫീസർക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്. (സൂചന- സർക്കുലർ നമ്പർ. റവ-പി1/248/2019-റവ തിയതി- 17.02.2020).

20. **<u>ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള ഡാറ്റാ ബാങ്കിൽ നിന്നും എന്തെങ്കിലും ഒഴിവാക്കുകയോ മാറ്റം വരുത്തുകയോ ചെയ്യുമ്പോൾ പുറപ്പെടുവിക്കുന്ന ഭേദഗതി വിജ്ഞാപനം സംബന്ധിച്ച്.</u>**

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം, പ്രാദേശിക നിരീക്ഷണ സമിതി അംഗീകരിച്ച ശേഷം വിജ്ഞാപനം ചെയ്തിട്ടുള്ള ഡാറ്റാ ബാങ്കിൽ നിന്നും എന്തെങ്കിലും ഒഴിവാക്കുകയോ മാറ്റം വരുത്തുകയോ ചെയ്യണമെങ്കിൽ പ്രാദേശിക നിരീക്ഷണ സമിതിയുടെ തന്നെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ ബാങ്കിൽ ആവശ്യമായ തിരുത്തലുകൾ വരുത്തിക്കൊണ്ട് ഒരു ഭേദഗതി വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്. ഇതിനായി നിലവിലെ വിജ്ഞാപനം ഡീനോട്ടിഫൈ (de notify) ചെയ്യേണ്ടതില്ല. (സൂചന- സർക്കുലർ നമ്പർ. റവ-പി1/248/2019-റവ തിയതി- 17.02.2020)

21. **<u>കുറ്റങ്ങൾ വിചാരണക്കെടുക്കുന്നതിന് സ്റ്റേഷൻ ഹൌസ് ഓഫീസർക്ക് റിപ്പോർട്ട് നൽകാവുന്നതാണെന്ന കാര്യം.</u>**

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് 2008 വകുപ്പ് 25 പ്രകാരം, കുറ്റങ്ങൾ വിചാരണക്കെടുക്കുന്നതിന് കുറ്റത്തിന് ഹേതുവായ വസ്തുതകൾ സംബന്ധിച്ച ഒരു റിപ്പോർട്ട് വകുപ്പ് 12(1) പ്രകാരം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥർ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെ സമർപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു . എന്നാൽ 2018 ൽ ആക്ട് ഭേദഗതി ചെയ്തപ്പോൾ വകുപ്പ് 25 ഒഴിവാക്കുകയുണ്ടായി. കൂടാതെ 2018 ൽ ആക്ട് ഭേദഗതി ചെയ്തപ്പോൾ

വകുപ്പ് 23 പ്രകാരമുള്ള പരമാവധി തടവ് ശിക്ഷാ കാലയളവ് രണ്ട് വർഷത്തിൽ നിന്നും മൂന്ന് വർഷമായി ഉയർത്തിയത് മൂലം കുറ്റം, കോഗ്നിസബിൾ കുറ്റമായി മാറുകയും ചെയ്യുകയുണ്ടായി. കോഗ്നിസബിൾ കുറ്റങ്ങൾ സംബന്ധിച്ച് ലഭ്യമാകുന്ന വിവരങ്ങൾ സ്വീകരിക്കുന്നതിനും രേഖപ്പെടുത്തുന്നതിനും സെക്ഷൻ 154 CrPC പ്രകാരവും കുറ്റം ചെയ്യപ്പെട്ടിട്ടുള്ളതായി കരുതുന്ന പക്ഷം കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സെക്ഷൻ 157 CrPC പ്രകാരവും സ്റ്റേഷൻ ഹൌസ് ഓഫീസർ ചുമതലപ്പെട്ടിരിക്കുന്നു. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് 2008 ലെ വകുപ്പ് 12(1) പ്രകാരം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥർക്ക് ജുഡീഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെ നേരിട്ട് റിപ്പോർട്ട് ഫയൽ ചെയ്യുന്നതിന് കഴിയുമെങ്കിലും അത് ഒരു സ്വകാര്യ അന്യായമായാണ് പരിഗണിക്കപ്പെടുന്നത് എന്നതിനാൽ സ്റ്റേഷൻ ഹൌസ് ഓഫീസർ മുഖേന ജുഡീഷ്യൽ മജിസ്ട്രേറ്റിന് റിപ്പോർട്ട് സമർപ്പിക്കുന്നതാണ് കൂടുതൽ ഉചിതമായിട്ടുള്ളത്. ആയതിനാൽ റവന്യൂ വകുപ്പിലെ റവന്യൂ ഡിവിഷണൽ ഓഫീസർ/വില്ലേജ് ഓഫീസർ കുറ്റത്തിന് ഹേതുവായ വസ്തുതകൾ സംബന്ധിച്ച അസ്സൽ മഹസർ സഹിതമുള്ള ഒരു റിപ്പോർട്ട് ബന്ധപ്പെട്ട സ്റ്റേഷൻ ഹൌസ് ഓഫീസർക്ക് നൽകേണ്ടതും കുറ്റം ചെയ്യപ്പെട്ടിട്ടുള്ളതായി കരുതുന്ന പക്ഷം, സെക്ഷൻ 157 CrPC പ്രകാരം, അത് സംബന്ധിച്ച ഒരു റിപ്പോർട്ട് സ്റ്റേഷൻ ഹൌസ് ഓഫീസർ ബന്ധപ്പെട്ട ജുഡീഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്. സെക്ഷൻ 190 (1)(b) CrPC പ്രകാരം, പോലീസ് സമർപ്പിക്കുന്ന റിപ്പോർട്ടിൻമേൽ കുറ്റങ്ങൾ വിചാരണക്കെടുക്കുന്നതിന് പ്രസ്തുത ജുഡീഷ്യൽ മജിസ്ട്രേറ്റ് ചുമതലപ്പെട്ടിരിക്കുന്നു.

## 22. <u>നിയമ വിരുദ്ധ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥർ ചെയ്യേണ്ട നടപടികൾ.</u>

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് 2008 വകുപ്പ് 19 പ്രകാരം, പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് വേണ്ടി, റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനോ അല്ലെങ്കിൽ സബ് ഇൻസ്പെക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ ആക്ട് 2008 ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ ഏതെങ്കിലും പ്രവർത്തനം നടത്തുന്നതിന് ഉപയോഗിച്ചതോ ഉപയോഗിച്ചതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും യാനമോ വാഹനമോ മറ്റ് വാഹന സൌകര്യമോ നെൽവയലിൽ നിന്നോ തണ്ണീർത്തടത്തിൽ നിന്നോ നീക്കം ചെയ്യപ്പെട്ട ഏതെങ്കിലും കളിമണ്ണ്, മണൽ, മണ്ണ് മുതലായവയോ ഇവയിൽ ഏതെങ്കിലുമോ എല്ലാമോ ഉപയോഗിച്ച് നിർമ്മിക്കുന്ന ഇഷ്ടിക, ടൈൽ തുടങ്ങിയവയോ യന്ത്രോപകരണങ്ങളോ പിടിച്ചെടുക്കാവുന്നതും അത്തരം പിടിച്ചെടുക്കലിനെ സംബന്ധിച്ചുള്ള ഒരു റിപ്പോർട്ട് അപ്രകാരം പിടിച്ചെടുത്ത് നാല്പത്തിയെട്ട് മണിക്കൂറിനുള്ളിൽ മഹസ്സർ സഹിതം ജില്ലാ കലക്ടർക്ക് നൽകേണ്ടതുമാണ്.

എം.എം.ഡി.ആർ. ആക്ട് 1957 പ്രകാരം, അനുമതി കൂടാതെ ഏതെങ്കിലും ഒരു വ്യക്തി ഏതെങ്കിലും ഖനിജം/ധാതു ശേഖരിക്കുകയോ ഖനനം ചെയ്യുകയോ കടത്തുകയോ ചെയ്യുന്ന പക്ഷം ഖനിജങ്ങളുടെ അനധികൃത ഖനനവും കടത്തലും തടയുന്നതിനും ഖനിജങ്ങൾ, വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവ പിടിച്ചെടുക്കുന്നതിനും കോടതിയിൽ അന്യായം ഫയൽ ചെയ്യുന്നതിനും കുറ്റം കോമ്പൌണ്ട് ചെയ്യാൻ കഴിയുന്ന പക്ഷം ആയത് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ജി.ഒ.(പി) നം. 55/2015/ഐ.ഡി. തിയതി-06.05.2015, ജി.ഒ.(പി) നം. 6/2019/ഐ.ഡി തിയതി-12.02.2019 സർക്കാർ ഉത്തരവുകൾ മൂലം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥരുടെ കടമകളും അധികാരങ്ങളും അനുബന്ധം II ആയി ഇതോടൊപ്പം ചേർത്തിട്ടുണ്ട്. കോടതിയിൽ അന്യായം ഫയൽ ചെയ്യുന്ന / കുറ്റം കോമ്പൌണ്ട് ചെയ്യുന്ന ആവശ്യത്തിലേക്കായി പിടിച്ചെടുക്കലിനെ സംബന്ധിച്ചുള്ള ഒരു റിപ്പോർട്ട് മഹസർ സഹിതം, പിടിച്ചെടുക്കുന്നത് റവന്യൂ വകുപ്പിലെ റവന്യൂ ഡിവിഷണൽ ഓഫീസർ/ തഹസിൽദാർ/ ഡെപ്യൂട്ടി തഹസിൽദാർ/ വില്ലേജ് ഓഫീസർ ആണെങ്കിൽ ജില്ലാ കലക്ടർക്കും പോലീസ് വകുപ്പിലെ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ പദവിയിലും അതിന് മുകളിലും ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് പദവിയ്ക്ക് താഴെയുമുള്ളവരാണെങ്കിൽ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസിനും അയയ്ക്കേണ്ടതാണ്. കോമ്പൌണ്ടിംഗ് ഫീസ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം III ആയി ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് 2001 ലെ വകുപ്പ് 23

പ്രകാരം, പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ പാലിക്കാതെ ഏതെങ്കിലും ആൾ ഒരു കടവിൽ നിന്നും മണൽ വാരുകയോ അവിടെ നിന്നും മണൽ കടത്തിക്കൊണ്ട് പോകുകയോ ചെയ്യുന്ന പക്ഷം റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസറിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനോ സ്റ്റേഷൻ ഹൌസ് ഓഫീസറിൽ താഴെയല്ലാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനോ അപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചിട്ടുള്ള പണിയായുധങ്ങൾ, ഉപകരണങ്ങൾ, വാഹനങ്ങൾ എന്നിവ മണൽ ഉൾപ്പെടെ പിടിച്ചെടുത്ത് 48 മണിക്കൂറിനകം ബന്ധപ്പെട്ട ജുഡീഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെയും സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെയും മഹസർ സഹിതമുള്ള ഒരോ റിപ്പോർട്ട് നൽകേണ്ടതും സ്ഥലത്തെ അധികാരികതയുള്ള പോലീസ് സ്റ്റേഷന്റെ സ്റ്റേഷൻ ഹൌസ് ഓഫീസറെ അറിയിക്കേണ്ടതുമാണ് . യാതൊരു കാരണവശാലും പിടിച്ചെടുത്ത മണൽ എതൊരാൾക്കും വിട്ടുകൊടുക്കാൻ പാടില്ലാത്തതും ആയത് കണ്ടുകെട്ടലിന് വിധേയമാക്കേണ്ടതുമാണ്. സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കണ്ടുകെട്ടുന്ന വസ്തുക്കളിൽ വില ഈടാക്കിക്കൊണ്ട് കണ്ടുകെട്ടിയ മണൽ വിട്ടുനൽകാൻ പാടുള്ളതല്ല. അത് നിർമ്മിതി കേന്ദ്രത്തിന് അഥവാ 'കലവറയ്ക്ക്' വിൽക്കേണ്ടതാണ്.

ജില്ലാ കലക്ടർ

പകർപ്പ്

1. ജില്ലാ പോലീസ് മോധാവി, പാലക്കാട് (അറിവിലേക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനും)
2. സബ് കലക്ടർ, ഒറ്റപ്പാലം
3. റവന്യൂ ഡിവിഷണൽ ഓഫീസർ, പാലക്കാട്
4. പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, പാലക്കാട് (അറിവിലേക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനും)
5. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, പാലക്കാട് (അറിവിലേക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനും)
6. ജില്ലാ ജിയോളജിസ്റ്റ്, പാലക്കാട്
7. എല്ലാ തഹസിൽദാർമാർക്കും (അറിവിലേക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനും)
8. എല്ലാ വില്ലേജ് ഓഫീസർമാർക്കും (തഹസിൽദാർമാർ മുഖേന)
9. എൽ.ആർ.ജി 1 / എൽ.ആർ.ജി 3 / എൽ.ആർ.ജി 4 / എൽ.ആർ.ജി 5 / എൽ.ആർ.ജി 10 സെക്ഷനുകൾ

Signature valid

Digitally signed by
BALAMURALI IA[illegible]
Date: 2[illegible]03.0[illegible]:45:17 IST
Reason: [illegible]

## അനുബന്ധം I

മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് & റെഗുലേഷൻ) ആക്ട് 1957 , കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് 2015 , കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലിഗൽ മൈനിംഗ്, സ്റ്റോറേജ് ആന്റ് ട്രാൻസ്പോർട്ടേഷൻ) റൂൾസ്, 2015, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് 2008, കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് 2001 എന്നീ ആക്ടുകളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ പ്രവർത്തനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കുന്ന മഹസറിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഖനിജങ്ങൾ/വാഹനം/ഉപകരണങ്ങൾ പിടിച്ചെടുക്കുന്ന സ്ഥലത്ത് അല്ലെങ്കിൽ നിയമ വിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലത്ത് ഉദ്യോഗസ്ഥർ എത്തിപ്പെടാനുണ്ടായ സാഹചര്യം.
2. മഹസ്സർ തയ്യാറാക്കുന്ന ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗ പേരും
3. പിടിച്ചെടുത്ത ഖനിജത്തിന്റെ പേരും വാഹനത്തിന്റെ നമ്പറും, പേരും
4. വാഹനം/ഖനിജങ്ങൾ /ഉപകരണങ്ങൾ പിടിച്ചെടുത്ത തിയതി, സമയം, സ്ഥലം, സ്ഥലം ഉൾപ്പെടുന്ന വില്ലേജ് താലൂക്ക് എന്നിവ സംബന്ധിച്ച വിവരങ്ങൾ
5. ഖനിജങ്ങൾ കടത്താൻ ശ്രമിച്ച വാഹനമുടമയുടെ/ഡ്രൈവറുടെ പേരും മേൽ വിലാസവും
6. ഖനിജങ്ങൾ ശേഖരിച്ച /ഖനനം ചെയ്ത ആളുടെ പേരും മേൽ വിലാസവും ഖനനം ചെയ്ത ഭൂമിയുടെ കൈവശക്കാരന്റെ പേരും മേൽ വിലാസവും ഭൂമി ഉൾപ്പെടുന്ന വില്ലേജ്, താലൂക്ക് എന്നിവ സംബന്ധിച്ച വിവരങ്ങളും പാസ്സ്, മറ്റ് രേഖകൾ എന്നിവ ഹാജരാക്കിയോ ഇല്ലയോ എന്നതിന്റെ വിവരങ്ങളും.
7. നിയമ വിരുദ്ധ പ്രവർത്തനത്തിന്റെ വിശദാംശങ്ങളും എത് നിയമത്തിന്, വകുപ്പിന് വിരുദ്ധമായ പ്രവർത്തിക്കാണ് വാഹനം/ഖനിജം/ഉപകരണങ്ങൾ പിടിച്ചെടുക്കപ്പെട്ടിട്ടുള്ളത് എന്നത് സംബന്ധിച്ച വിവരങ്ങളും.
8. പിടിച്ചെടുത്ത വാഹനം/ഖനിജം/ഉപകരണങ്ങൾ ബന്തവസ്സിൽ സൂക്ഷിക്കുന്ന സ്ഥലത്തിന്റെ വിവരം
9. രണ്ട് സാക്ഷികളുടെ ഒപ്പും പേരും മേൽ വിലാസവും.
10. മഹസ്സർ തയ്യാറാക്കുന്ന തിയതിയും സമയവും തയ്യാറാക്കുന്ന ഉദ്യോഗസ്ഥന്റെ ഒപ്പും പേരും ഉദ്യോഗപ്പേരും.

## അനുബന്ധം II

ഓഫീസർമാരും അവരുടെ അധികാരങ്ങളും

| വകുപ്പ് | ഓഫീസർമാർ | ധാതുക്കളുടെ അനധികൃത ഖനനവും കടത്തലും തടയുന്നതിനും ഖനിജങ്ങൾ, വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവ പിടിച്ചെടുക്കുന്നതിനുമുള്ള അധികാരം | കോടതിയിൽ അന്യായം ഫയൽ ചെയ്യുന്നതിനുള്ള അധികാരം | കുറ്റം കോമ്പൌണ്ട് ചെയ്യുന്നതിനുള്ള അധികാരം |
|---|---|---|---|---|
| റവന്യൂ | ജില്ലാ കലക്ടർ | ഉണ്ട് | ഉണ്ട് | ഉണ്ട് |
| | റവന്യൂ ഡിവിഷണൽ ഓഫീസർ, തഹസിൽദാർ, ഡെപ്യൂട്ടി തഹസിൽദാർ, വില്ലേജ് ഓഫീസർ | ഉണ്ട് | ഇല്ല | ഇല്ല |
| പോലീസ് | അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ പദവിയിലും അതിന് മുകളിലും ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് പദവിയ്ക്ക് താഴെയുമുള്ളവർ | ഉണ്ട് | ഇല്ല | ഇല്ല |
| | ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് പദവിയിലും അതിന് മുകളിലുമുള്ളവർ | ഉണ്ട് | ഉണ്ട് | ഉണ്ട് |
| മൈനിംഗ് & ജിയോളജി | ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, സീനിയർ ജിയോളജിസ്റ്റ്, ജിയോളജിസ്റ്റ്, അസി. ജിയോളജിസ്റ്റ് | ഉണ്ട് | ഉണ്ട് | ഉണ്ട് |

**Annexure III**

**(see G.O.(Ms) No. 51/2017/ID Dated 21.06.2017)**

I. Minimum compounding fee for vehicle seized in connection with illicit transportation of minor minerals

| Quantity | Kankar and other forms of limestone and all kinds of limeshell, ordinary clay, ordinary earth, granite(building stone), laterite (building stone). | Ordinary sand | Other Minerals of Schedule I |
|---|---|---|---|
| Up to 5MT/2 $M^3$ | 10,000 | 25,000 | 25,000 + 3 times of royalty as royalty and price |
| Up to 10 MT/ $4M^3$ | 25,000 | 50,000 | 40,000 + 3 times of royalty as royalty and price |
| More than 10MT/$4M^3$ | 50,000 | 75,000 | 50,000+ 3 times of royalty as royalty and price |

II. Compounding fee for all other minor minerals which are transported from other States of India to Kerala

| Quantity | Amount of fine |
|---|---|
| Up to 5MT/2 $M^3$ | 25,000 + 3 times of royalty as royalty and price |
| Up to 10 MT/ $4M^3$ | 40,000 + 3 times of royalty as royalty and price |
| More than 10MT/4 $M^3$ | 50,000+ 3 times of royalty as royalty and price |

III. Compounding fee for all major minerals

| Quantity | Amount of fine |
|---|---|
| Up to 5MT/2 $M^3$ | 25,000 + royalty + actual price as fixed by IBM |
| Up to 10 MT/ $4M^3$ | 50,000 + royalty + actual price as fixed by IBM |
| More than 10MT/4 $M^3$ | 75,000 + royalty + actual price as fixed by IBM |

The compounding fee for all the equipment/tools, empty vehicles, seized in connection with illicit extraction shall be Rs. 25,000/-

In case of the continuing contravention, the provisions in sub section (2) of the section 21 of the MMDR Act 1957 and the rules 29 of the Kerala Minerals (Prevention of Illegal Mining, Storage and Transportation) Rules 2015 and Rule 108(1) of the KMMC Rules 2015 are applicable and the offender shall be punishable under the said provisions.

Signature valid

Digitally signed by
BALAMURALI IA
Date: 2 03.0 :43:02 IST
Reason: